# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/193/2016 **പത്രക്കുറിപ്പ്** 2016 സെപ്തംബർ 03

**എം.ജി പി.ജി ഏകജാലക പ്രവേശനം: ട്രയൽ അലോട്മെന്റ് നിശ്ചിത തീയതിയ്ക്ക് മുമ്പേ പ്രസിദ്ധപ്പെടുത്തി**

എം.ജി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളജുകളിലെയും പത്തനംതിട്ട, എറണാകുളം എന്നീ സ്ഥലങ്ങളിൽ സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസിലെയും, ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമിലേക്കുമുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റും ട്രയൽ അലോട്മെന്റ് ലിസ്റ്റും തിങ്കളാഴ്ചയാണ് പ്രസിദ്ധീകരിക്കുമെന്ന് നേരത്തെ അറിയിച്ചിരുന്നത്. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ ലോഗിൻ ചെയ്ത് ട്രയൽ അലോട്മെന്റ് പരിശോധിച്ച് സെപ്തംബർ 6 വരെ ഓൺലൈൻ അപേക്ഷയിലെ പേരൊഴികെയുള്ള തെറ്റുകൾ തിരുത്തുന്നതിനും ഓപ്ഷനുകൾ പുതുക്കുന്നതിനുമുള്ള സൗകര്യമുണ്ടായിരിക്കും. തെറ്റുകൾ തിരുത്തുമ്പോൾ അപേക്ഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വെബ് സൈറ്റിൽ നൽകിയിട്ടുണ്ട്. ആദ്യ അലോട്മെന്റ് സെപ്തംബർ 17ന് പ്രസിദ്ധീകരിക്കും. വിശദമായ ഷെഡ്യൂൾ സർവ്വകലാശാല വെബ് സൈറ്റിൽ നിന്നും ലഭിക്കും.

**കോളജ് പ്രിൻസിപ്പൽമാരുടെ ശ്രദ്ധയ്ക്ക്**

ട്രയൽ അലോട്മെന്റ് ലിസ്റ്റ് ബന്ധപ്പെട്ട കോളജുകൾക്ക് ഓൺലൈൻ പോർട്ടൽ വഴി ലഭ്യമാണ്. കോളജ് പ്രിൻസിപ്പൽമാർ അഡ്മിഷൻ പോർട്ടലിൽ തങ്ങളുടെ യൂസർ ഐഡിയും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ട്രയൽ അലോട്മെന്റ് പരിശോധിക്കാവുന്നതാണ്. പി.ജി അലോട്മെന്റുമായി ബന്ധപ്പെട്ട തങ്ങളുടെ കോളജിന്റെ ഔദ്യോഗിക ഇമെയിൽ പ്രിൻസിപ്പൽമാർ ദിവസേന പരിശോധിക്കേണ്ടതും ഇമെയിൽ സന്ദേശങ്ങൾ ലഭിക്കാത്ത കോളജുകൾ pgcap@mgu.ac.in എന്ന വിലാസത്തിൽ വിവരം അറിയിക്കേണ്ടതുമാണ്.

**ബിരുദ പ്രവേശനം**

ഏകജാലകം വഴിയുള്ള ബിരുദ പ്രവേശന നടപടികൾ സെപ്തംബർ 22നകം കോളജുകൾ പൂർത്തീകരിക്കണം.

**പരീക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് (റഗുലർ) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 5ന് ആരംഭിക്കും. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 8 വരെയും 50 രൂപ പിഴയോടെ 9 വരെയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും. 2015 അഡ്മിഷൻ വിദ്യാർത്ഥികൾ കോളജിൽ നിന്നും ഓൺലൈനായി വേണം രജിസ്റ്റർ ചെയ്യുവാൻ. അപേക്ഷകർ ഓരോ പേപ്പറിനും 20 രൂപ (പരമാവധി 100 രൂപ) വീതവും, അപേക്ഷാ ഫോമിന് 20 രൂപയും നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർ ഗ്രാജ്വേറ്റ് (റഗുലർ/റീഅപ്പിയറൻസ്) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 4ന് ആരംഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 8 വരെയും 50 രൂപ പിഴയോടെ 9 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 19 വരെയും സ്വീകരിക്കും. അപേക്ഷകർ ഓരോ പേപ്പറിനും 20 രൂപ (ഒരു സെമസ്റ്ററിന് പരമാവധി 100 രൂപ) വീതവും, അപേക്ഷാ ഫോമിന് 20 രൂപയും നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം. റീഅപ്പിയറിംഗ് വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസായി 50 രൂപയും, മാർക്ക് ലിസ്റ്റിനായി 25 രൂപയും പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം. ഇന്റേണൽ പരീക്ഷാ റീഡു ചെയ്യുന്നവർ ഓരോ പേപ്പറിനും 100 രൂപ വീതവും, മാർക്ക് ലിസ്റ്റിന് 25 രൂപയും അടയ്ക്കണം. പ്രോജക്ട്

ഇവാലുവേഷന് അപേക്ഷിക്കുന്നവർ 100 രൂപ ഫീസ് അടയ്ക്കണം. അപേക്ഷാ ഫോം സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

രണ്ടാം സെമസ്റ്റർഎം.എച്ച്.ആർ.എം (പുതിയ സ്കീം – 2015 അഡ്മിഷൻ റഗുലർ, 2015ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ സെപ്തംബർ 28 മുതൽ നടത്തും. അപേക്ഷകൾ പിഴ കൂടാതെ സെപ്തംബർ 6 വരെയും 50 രൂപ പിഴയോടെ 7 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സ്വീകരിക്കും. റഗുലർ അപേക്ഷകർ 150 രൂപയും വീണ്ടുമെഴുതുന്നവർ ഓരോ പേപ്പറിനും 30 രൂപ വീതവും (പരമാവധി 150 രൂപ) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

നാലാം വർഷ ബി.എസ്.സി നഴ്സിങ് (പുതിയ സ്കീം – 2012 അഡ്മിഷൻ റഗുലർ, 2008 മുതൽ 2011 വരെ അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ സെപ്തംബർ 28 മുതൽ നടത്തും. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 9 വരെയും 50 രൂപ പിഴയോടെ 17 വരെയും 500 രൂപ സൂപ്പർഫൈനോടെ 19 വരെയും സ്വീകരിക്കും. അപേക്ഷകർ ഓരോ പേപ്പറിനും 20 രൂപ വീതം സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാ ഫീസിന് പുറമെ അടയ്ക്കണം.

## മേഴ്സി ചാൻസ് പരീക്ഷ

അഫിലിയേറ്റഡ് കോളജുകളിലെയും സ്റ്റാസിലെയും ഒന്ന് മുതൽ ആറ് വരെ സെമസ്റ്റർ എം.സി.എ (അവസാന മേഴ്സി ചാൻസ് – പഴയ സ്കീം 2000 മുതൽ 2006 വരെ അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ നടത്തും. അപേക്ഷകൾ പിഴകൂടാതെ സെപ്തംബർ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർഫൈനോടെ 30 വരെയും സ്വീകരിക്കും. മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ 10000 രൂപ സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. പരീക്ഷാ തീയതി പിന്നീട്.

## പ്രാക്ടിക്കൽ പരീക്ഷ

മൂന്നാം സെമസ്റ്റർ ബി.വോക് ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2014 അഡ്മിഷൻ) ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷകൾ സെപ്തംബർ 20 മുതൽ മാറമ്പള്ളി എം.ഇ.എസ് കോളജിൽ വച്ച് നടത്തും.

## പ്രോജക്റ്റ് ഇവാലുവേഷനും വൈവാ വോസിയും

നാലാം സെമസ്റ്റർ എം.എ മലയാളം (സി.എസ്.എസ് – 2014 അഡ്മിഷൻ റഗുലർ 2012 ആന്റ് 2013 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്), മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ (പ്രൈവറ്റ് – റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും സെപ്തംബർ 20 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും.

## പുനഃപരിശോധനാ ഫലം

2016 മാർച്ച് മാസം നടത്തിയ ആറാം സെമസ്റ്റർ ബി.എ, ബി.എസ്.സി, ബി.ബി.എ, ബി.സി.എ (സി.ബി.സി.എസ്.എസ്) ഡിഗ്രി കോഴ്സുകളുടെ പുനഃപരിശോധനാ ഫലം സർവ്വകലാശല വെബ് സൈറ്റിൽ ലഭിക്കും.

2016 മാർച്ച് മാസം നടന്ന ബി.എസ്.സി ആറാം സെമസ്റ്റർ പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ സെപ്തംബർ 9 നോ അതിന് മുൻപോ പുതിയ പരീക്ഷാ ഭവനിലെ ഇ.ജെ.–7 സെക്ഷനിൽ (റൂം നമ്പർ 206, ഫോൺ 0481–2733611) എത്തി പേപ്പർ പരിശോധിക്കാവുന്നതാണ്.

## പരീക്ഷാ ഫലം

2016 ഏപ്രിൽ മാസം നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്കുമെന്റേഷൻ ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് സെപ്തംബർ 19 വരെ അപേക്ഷിക്കാം.

2016 മെയ് മാസം നടത്തിയ ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ മെഡിക്കൽ ബയോകെമിസ്ട്രി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് സെപ്തംബർ 19 വരെ അപേക്ഷിക്കാം.

## യൂണിവേഴ്സിറ്റി യൂണിയൻ ഇലക്ഷൻ

യൂണിവേഴ്സിറ്റി യൂണിയൻ (2015–16) ഇലക്ഷന്റെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള സമയം സെപ്തംബർ 6ന് 11 മണിവരെയായി നീട്ടി. വിശദവിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പാരാമെഡിക്കൽ ബിരുദ അഡ്മിഷൻ കൗൺസലിംഗ്

സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന പാരാമെഡിക്കൽ ബിരുദ കോഴ്സുകളായ ബി.എസ്സി നഴ്സിങ്, ബി.എസ്.സി എം.എൽ.റ്റി, ഈഴവ/തീയ്യ വിഭാഗത്തിൽ റാങ്ക് നമ്പർ 1101 മുതൽ 1300 വരെയും മുസ്ലീം വിഭാഗത്തിൽ ബി.എസ്.സി നഴ്സിങ് റാങ്ക് ലിസ്റ്റ് 1501 മുതൽ 1800 വരെയും, ഒ.ബി.എച്ച് വിഭാഗത്തിൽ ബി.എസ്.സി നഴ്സിങ് റാങ്ക് നമ്പർ 1501 മുതൽ 2000 വരെയും, ആംഗ്ലോ ഇന്ത്യൻ/ലാറ്റിൻ കാത്തലിക് വിഭാഗത്തിൽ ബി.എസ്.സി നഴ്സിങ് റാങ്ക് നമ്പർ 2001 മുതൽ 2723 വരെയും, വിശ്വകർമ്മ വിഭാഗത്തിൽ ബി.എസ്.സി നഴ്സിങ്, ബി.എസ്സി എം.എൽ.റ്റി റാങ്ക് നമ്പർ 1601 മുതൽ 2000 വരെയും, ധീവര വിഭാഗത്തിൽ ബി.എസ്.സി എം.എൽ.റ്റി റാങ്ക് നമ്പർ 1251 മുതൽ 1302 വരെയും, ജനറൽ വിഭാഗത്തിൽ ബി.എസ്.സി എം.എൽ.റ്റി റാങ്ക് നമ്പർ 801 മുതൽ 850 വരെയും, ഈഴവ/തീയ്യ വിഭാഗത്തിൽ ബി.പി.റ്റി റാങ്ക് നമ്പർ 701 മുതൽ 800 വരയും, ഒ.ബി.എച്ച് വിഭാഗത്തിൽ ബി.പി.റ്റി റാങ്ക് നമ്പർ 1200 മുതൽ 1500 വരെയും അഡ്മിഷൻ കൗൺസലിംഗ് സെപ്തംബർ 6ന് രാവിലെ 10 മണിക്ക് കോട്ടയം ഗാന്ധിനഗർ എസ്.എം.ഇ ഡയറക്ടറുടെ ഓഫീസിൽ വച്ച് നടത്തും. അർഹരായ വിദ്യാർത്ഥികൾ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം എത്തിച്ചേരണം. വെബ് സൈറ്റ് www.sme.edu.in, ഫോൺ 0481-6061014, 6061012.

## എസ്.എം.ഇ പി.ജി സംവരണ സീറ്റൊഴിവ്

സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന എം.എച്ച്.എ, മെഡിക്കൽ ഡോക്കുമെന്റേഷൻ എന്നീ കോഴ്സുകളിൽ എസ്.റ്റി വിഭാഗത്തിൽ ഓരോ സംവരണ സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷിതാക്കളോടൊപ്പം സെപ്തംബർ 6ന് രാവിലെ 10 മണിക്ക് കോട്ടയം ഗാന്ധിനഗർ എസ്.എം.ഇ ഡയറക്ടറുടെ ഓഫീസിൽ എത്തിച്ചേരണം. വെബ് സൈറ്റ് www.sme.edu.in, ഫോൺ 0481-6061014, 6061012.

## പ്രഭാഷണ പരമ്പര

എം.ജി സർവ്വകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ച്യുറോപ്പതി, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ സഹകരണത്തോടെ സെപ്തംബർ 1ന് (വ്യാഴാഴ്ച) ഉച്ചയ്ക്ക് സംഘടിപ്പിച്ച പ്രഭാഷണ പരമ്പരയിൽ 2015ലെ വുമൺ ഓഫ് ദി ഇയർ ദേശീയ അവാർഡ് ജേതാവായ റവ. സിസ്റ്റർ ലൂസി കുര്യൻ മുഖ്യപ്രഭാഷണം നടത്തി. നിരാശ്രയരും നിരാലംബരുമായ സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസവും പ്രതിസന്ധികളും എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ ഡോ. പി. എസ്. സുകുമാരൻ, ഡോ. ഹരിലക്ഷ്മീന്ദ്രകുമാർ, റിൻസിമോൾ മാത്യു, ഡോ. ദീപു ജോയി എന്നിവർ സംസാരിച്ചു.

## *അടിക്കുറിപ്പ്*

*എം.ജി സർവ്വകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ച്യുറോപ്പതി സംഘടിപ്പിച്ച പ്രഭാഷണപരമ്പരയിൽ 2015ലെ വുമൺ ഓഫ് ദി ഇയർ ദേശീയ അവാർഡ് ജേതാവായ റവ. സിസ്റ്റർ ലൂസി കുര്യൻ മുഖ്യപ്രഭാഷണം നടത്തുന്നു*

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)